# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 30-07-2012

## ഏരിയാ ഇന്റൻസീവ് സ്കൂൾ -
## എയ്ഡഡ് പദവി നൽകുന്നതിൽ വൻ അഴിമതി

**കെ.എസ്.ടി.എ**

**മലപ്പുറം ജില്ലയിലെ 33 ഏരിയാ ഇന്റൻസീവ് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിലൂടെ വൻ അഴിമതിയ്ക്ക് വഴിയൊരുക്കുകയാണെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആരോപിച്ചു. ധനകാര്യ വകുപ്പിനെ മറികടന്നുകൊ് എയ്ഡഡ് സ്കൂൾ പദവി നൽകാൻ നടത്തുന്ന നീക്കം വിദ്യാഭ്യാസരംഗത്തെ കേരളം കിട്ടുള്ള ഏറ്റവും വലിയ അഴിമതിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നിർമ്മിച്ച കെട്ടിടങ്ങളും നാട്ടുകാർ സൗജന്യമായി നൽകിയ ട്രസ്റ്റിന്റെ പേരിലുള്ള സ്വത്തും സ്വന്തമാക്കാനുള്ള നീക്കത്തിന്റെ ഭാഗമാണിത്. കോടിക്കണക്കിനു രൂപയുടെ സ്വത്താണ് എയ്ഡഡ് പദവി നൽകുന്നതിലൂടെ സ്വകാര്യ വ്യക്തികളുടെ കൈകളിൽ എത്തിച്ചേരുക. വിദ്യാഭ്യാസമന്ത്രിയുടെ കീഴിൽ സ്വന്തം പാർട്ടിക്കാർക്കും പാർശ്വവർത്തികൾക്കും പൊതുമുതൽ കൊള്ളയടിക്കാൻ സർക്കാർ അവസരമൊരുക്കുകയാണ്. അധ്യാപകർക്ക് അർഹമായ ആനുകൂല്യം നൽകുക എന്ന ആവശ്യമേ ഇതുവരെ ഉയർന്നിരുന്നുള്ളൂ. ഇതിന്റെ മറവിൽ വിദ്യാഭ്യാസ കൊള്ളയ്ക്ക് അവസരമൊരുക്കാൻ സർക്കാർ ശ്രമിക്കുകയാണ്. വിദ്യാഭ്യാസ കച്ചവടക്കാരുടെ താൽപര്യം സംരക്ഷിക്കാൻ ശ്രമിക്കുന്ന സർക്കാരിന്റെ ഏറ്റവും മോശപ്പെട്ട നിലപാടാണ് ഇതിലൂടെ വ്യക്തമാവുന്നത്. കോടിക്കണക്കിനു രൂപയുടെ ബാധ്യത സംസ്ഥാനത്തിന് ഉാക്കുകയും സ്വന്തക്കാർക്ക് ധനസമ്പാദനത്തിന് മാർഗ്ഗമൊരുക്കുകയും ചെയ്യുന്ന സർക്കാരിന്റെ നീക്കം ഉപേക്ഷിക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.**

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി